# SACRED HEART CMI PUBLIC SCHOOL
## Thevara, Kochi - 682013
## Malayalam Vacation Worksheet

**I.** **ഒട്ടകവും കുറുക്കനും**

ഒട്ടകവും കുറുക്കനും ചങ്ങാതിമാരായിരുന്നു . ഒരുദിവസം കുറുക്കൻ ഒട്ടകത്തെ ഒരുവലിയ കരിമ്പിൻതോട്ടത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി . തോട്ടം നദിയുടെ മറുകരയിലായിരുന്നു. വയറുനിറയെ ഭക്ഷണം കഴിച്ചുകഴിഞ്ഞപ്പോൾ കുറുക്കൻ ഉച്ചത്തിൽ ഓരിയിടാൻതുടങ്ങി . ഭയപ്പെട്ട ഒട്ടകം അങ്ങനെ ചെയ്യരുതെന്ന് കുറുക്കനോട് അപേക്ഷിച്ചു . ഭക്ഷണം കഴിഞ്ഞു ഓരിയിടുന്നത് കുറുക്കന്മാരുടെ സ്വഭാവമാണ് - അങ്ങനെ ചെയ്യാതിരിക്കാൻ സാധ്യമല്ല എന്ന് കുറുക്കൻ പറഞ്ഞു . ഓരിയിടൽ കേട്ട് കൃഷിക്കാർ എത്തി . കർഷകരെ കണ്ട കുറുക്കൻ ഒളിച്ചിരുന്നു. അവർ ഒട്ടകത്തെ പൊതിരെ തല്ലി. ഒരുകണക്കിന് രക്ഷപെട്ട ഒട്ടകം പുഴനീന്തിക്കടക്കാൻ തുടങ്ങിയപ്പോൾ കുറുക്കൻ ഒട്ടകത്തിന് പുറത്തുകയറി ഇരുന്നു . നദിയുടെ മധ്യത്തിലെത്തിയപ്പോൾ ഒട്ടകം ഒന്ന് മുങ്ങിപ്പൊങ്ങി . കുറുക്കൻ ഭയന്ന് നിലവിളിച്ചപ്പോൾ ഒട്ടകം പറഞ്ഞു 'എനിക്ക് ഭക്ഷണം കഴിഞ്ഞു വെള്ളത്തിൽ മുങ്ങുന്ന ശീലമുണ്ട് '. പാവം കുറുക്കൻ വെള്ളത്തിൽ കിടന്നു കഷ്ടപ്പെടുന്നത് കണ്ട ഒട്ടകം അവനെ രക്ഷിച്ചുകൊണ്ടു പറഞ്ഞു. ' ഒരിക്കലും കൂട്ടുകാരെ ചതിക്കരുത് '

**1) താഴെ കൊടുത്തിട്ടുള്ള അക്ഷരങ്ങൾ കടന്നുവരുന്ന പദങ്ങൾ കഥയിൽനിന്നും കണ്ടെത്തി എഴുതുക .**

ഉദാഹരണം :- ട്ട , = ഒട്ടകം ______________________

ത്ത - ______________________

ക്ക - ______________________

ങ്ങ - ______________________

2 കഥാപാത്രങ്ങളുടെ ചിത്രങ്ങൾ ഒട്ടിക്കുക.

അല്ലെങ്കിൽ

കഥയ്ക്ക് യോജിച്ച ചിത്രം വരയ്ക്കുക.

3 കഥയിൽനിന്നു വ്യഞ്ജനാക്ഷരങ്ങളിൽ തുടങ്ങുന്ന പദങ്ങൾ

കണ്ടെത്തി എഴുതുക .

ഉദാഹരണം - കുറുക്കൻ ,

II. മാതൃക പോലെ എഴുതുക .

1 അണ്ണാൻകുഞ്ഞിനെ മരംകയറ്റം പഠിപ്പിക്കേണ്ട.

2. ആനകൊടുത്താലും ആശകൊടുക്കരുത് .

3 ആനപ്പുറത്തിരുന്നാൽ  പട്ടിയെ പേടിക്കേണ്ട.

4 . എലിയെ കൊല്ലാൻ ഇല്ലം ചുടണോ ?

5 . ഒട്ടകത്തിന് സ്ഥലം  കൊടുത്തപോലെ.

6 . ആട് കിടന്നിടത്തു പൂട പോലും ഇല്ല. .

7 കാള പെറ്റു എന്ന് കേൾക്കുമ്പോൾ കയർ എടുക്കരുത് .

8 . കുരങ്ങൻ കൈയിലെ പൂമാല പോലെ .

9. കുറുക്കൻ കണ്ണ് എന്നും കോഴിക്കൂട്ടിൽ തന്നെ.

10 . ഗതി കെട്ടാൽ പുലി പുല്ലും തിന്നും.

**കണ്ടെത്തുക**

**പഴഞ്ചൊല്ലിൽ പറഞ്ഞ മൃഗങ്ങൾ ഏതൊക്കെ ?**

**1** ______________________________

**2** ______________________________

**3** ______________________________

**4** ______________________________

**5** ______________________________

**6** ______________________________

**7** ______________________________

**8** ______________________________

**9** ______________________________

**10** ______________________________

4. താഴെ കൊടുത്തിരിക്കുന്ന കഥ വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

ഒരു പേര മരത്തിൽ ധാരാളം പേരക്കകൾ ഉണ്ടായിരുന്നു. അണ്ണാറക്കണ്ണനും കിളികളും വന്ന് പേരക്കകൾ തിന്നാൻ തുടങ്ങി

. ഒരു പേരക്കമാത്രം ആരുടെയും കണ്ണിൽപ്പെടാതെ ഒളിച്ചിരുന്നു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ പേരക്ക ഒറ്റക്കായി. താഴെയുള്ള പാറക്കൂട്ടം കണ്ട് പേരക്ക പേടിച്ചു പാറയിൽ വീണുകിടക്കുന്ന പേരക്കയോട് അതുവഴി വന്ന തത്ത ചോദിച്ചു. നീ എന്തിനാണ് ഒളിച്ചിരുന്നത്?. പക്ഷികൾ കൊത്തി വിത്തുകൾ മണ്ണിൽ വീണ് മുളച്ചിരുന്നുവെങ്കിൽ നിനക്ക് ഒരുപാട് പേരമരങ്ങൾ ആകാമായിരുന്നില്ലേ?. നീ എന്തിനാണ് നല്ല അവസരം നഷ്ടപ്പെടുത്തിയത്?. ഇതു കേട്ട് പേരക്കയ്ക്ക് സങ്കടമായി.

ചോദ്യങ്ങൾ

1. പേരക്ക തിന്നാൻ വന്നത് ആരെല്ലാം ?.

________________________________________

________________________________________

2. ഒരു പേരക്കമാത്രം എന്തുചെയ്തു ?.

________________________________________

________________________________________

3. എന്തു കണ്ടാണ് പേരക്ക പേടിച്ചത്

________________________________________

________________________________________

**4. പേരക്ക വീണു കിടന്നപ്പോൾ അതുവഴി വന്നത് ആര്**

______________________________________________

______________________________________________

**5. പേരക്ക വീണു കിടന്നത് എവിടെ?.**

______________________________________________

______________________________________________

**6. പേരക്ക എന്താണ് നഷ്ടപ്പെടുത്തിയത്**

______________________________________________


______________________________________________

**5. വിഷു**

**കേരളത്തിലെ വിളവെടുപ്പുത്സവമാണ് വിഷു. മേട മാസം ഒന്നാം തീയതിയാണ് വിഷു ആഘോഷിക്കുന്നത്. വിളവെടുപ്പുത്സവം എന്നതുപോലെ കൃഷ്ണ ഭക്തിയുടെയും ദിനമാണ് വിഷു. കണികാണൽ, വിഷുക്കൈനീട്ടം നൽകൽ, വിഷുക്കഞ്ഞി, എന്നു തുടങ്ങി വിവിധ ചടങ്ങുകൾ ഈ ആഘോഷത്തോടനുബന്ധിച്ച് നടത്താറുണ്ട്.**

**'വിഷു' എന്ന വാക്ക് ചേർന്ന് വരുന്ന 5 വാക്കുകൾ എഴുതുക.**

**ഉദാ: വിഷുക്കണി**



6. 12 മലയാള മാസങ്ങളുടെ പേരെഴുതുക .

1. ചിങ്ങം

2. ______________________

3. ______________________

4. ______________________

5. ______________________

6. ______________________

7. ______________________

8. ______________________

9. ______________________

10. ______________________

11. ______________________

12. കർക്കിടകം